നിയമാവലി അനുസരിച്ച് അത്‌ലറ്റിക്‌സിനെ ഒരൊറ്റ ഇനമായി കണക്കാക്കി ഹോക്കി, ഷട്ടിൽ മുതലായ ഗയിമുകളിലെ പോയിന്റുകളും കൂടി കണക്കിലെടുത്താണ് ഓവറോൾ ചാമ്പ്യൻഷിപ്പ് മഹാരാഷ്ട്രയ്ക്ക് നൽകിയത്. ഇതിൽ ഗവൺമെന്റ് ഇടപെടേണ്ട ആവശ്യമില്ല. ഇടപെട്ടതുകൊണ്ടു പ്രയോജനവുമില്ല.

റോഡുകളുടെ ശോചനീയാവസ്ഥ

*221 [236] പ്രൊ. വട്ടിയൂർക്കാവ് രവി :
,, എസ് തങ്കപ്പൻപിള്ള :
,, ആർ. സുന്ദരേശൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇപ്പോൾ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ മുതലായവയുടെ ചുമതലയിലുള്ള എത്ര റോഡുകൾ ഗതാഗതയോഗ്യമല്ലാതെയുണ്ട് ;

(ബി) പ്രസ്തുത റോഡുകൾ മരാമത്തു വകുപ്പ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ നന്നാക്കേണ്ട ചുമതല ആ സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തുറോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി അനുസരിച്ച് മരാമത്തുവകുപ്പ് ചില മാനദണ്ഡങ്ങൾ അനുസരിച്ച് സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നിടത്തോളം റോഡുകൾ ഏറ്റെടുക്കാറുണ്ട്.

കെട്ടിക്കിടക്കുന്ന കശുവണ്ടിപ്പരിപ്പ്

*222 [237] ശ്രീ. കല്ലട നാരായണൻ :
,, ത്യാഗരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശം ഇപ്പോൾ വിൽക്കാൻ കഴിയാതെ കശുവണ്ടിപ്പരിപ്പ് കെട്ടിക്കിടക്കുന്നത് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) കശുവണ്ടിപ്പരിപ്പിന് ഇപ്പോൾ വിദേശ മാർക്കറ്റിലുള്ള വില എന്താണെന്ന് വ്യക്തമാക്കാൻ ദയവുണ്ടാകുമോ ;

(സി) കേരള കശുവണ്ടി വികസന കോർപ്പറേഷൻ എന്തു വിലയ്ക്കാണ് വിദേശ മാർക്കറ്റിൽ കശുവണ്ടിപ്പരിപ്പ് വിറ്റുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാൻ ദയവുണ്ടാകുമോ ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) കോർപ്പറേഷന്റെ കൈവശം ഇപ്പോൾ വിൽക്കാൻ കഴിയാതെ കശുവണ്ടിപരിപ്പ് കെട്ടിക്കിടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അമേരിക്കൻ മാർക്കറ്റിൽ ഒരു റാത്തൽ പരിപ്പിന് (32 കൌണ്ട്) 170 സെൻറ് വിലയുണ്ട്.

(സി) കോർപ്പറേഷൻ അമേരിക്കൻ മാർക്കറ്റിനെ ആസ്പദമാക്കി മാർക്കറ്റ് വിലയിൽനിന്നും ഒട്ടും കുറയാത്ത വിലയ്ക്കാണ് ഇപ്പോഴും പരിപ്പു വിറ്റുകൊണ്ടിരിക്കുന്നത്.

കാരീയം ഖനനം

*223 [238] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് കിട്ടുമെന്നു പ്രതീക്ഷിക്കുന്ന 30 ലക്ഷംടൺ കാരീയം (ഗ്രാഫൈറ്റ്) ഖനനംചെയ്തു എടുക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാരീയം ഉപയോഗിച്ച് എന്തെല്ലാം വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാം ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇതിലേയ്ക്കാവശ്യമായ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) കാരീയം ഉപയോഗിച്ച് പ്രൂസിബിളുകൾ, ലൂബ്രിക്കൻറ്, ഇലക്ട്രിക്കൽ ബ്രഷ്, പെൻസിൽ ഫൗണ്ടറി ഫേസിംഗ്, ഫിഷ്നെറ് വെയിറ്റ് എന്നിവ ഉണ്ടാക്കാവുന്നതാണ്. കൂടാതെ റിയാക്ഷൻ വെസൽ സിമന്റ് ലൈനിംഗ് കൊടുക്കുന്നതിനും മറ്റു പദാർത്ഥങ്ങളുമായി കലർത്തി ടിൻ ഒട്ടിക്കുന്നതിനുള്ള സോൾഡറും സ്റ്റോറേജ് ബാറ്ററി പ്ലെയിറ്റുകൾ, അച്ചടിക്കുള്ള അച്ചുകൾ എന്നിവ ഉണ്ടാക്കാനും പിഗ്മെൻറ് തുടങ്ങിയ രാസപദാർത്ഥങ്ങൾ ഉണ്ടാക്കുവാനും കാരീയം ഉപയോഗിക്കാവുന്നതാണ്.

കേരളത്തിൽ വെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾ

*224 [239] ശ്രീ. ജി. പി. മംഗലത്തുമഠം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽവെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് ഓരോന്നിനും 50,000 രൂപ പ്രകാരത്തിൽ എത്ര പടങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിൻെറയും പേര് വിശദീകരിക്കുമോ;

(സി) ഈ രീതിയിൽ തുടർന്നും സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 33 ചിത്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി). അനുബന്ധമായി വെച്ചിട്ടുണ്ട് †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly